പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***73** — 28/9/2016 ൽ മറുപടിക്ക്

## തെരുവ് നായ ശല്യം ഒഴിവാക്കുവാൻ കർമ്മ പദ്ധതി

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ഹൈബി ഈഡൻ:

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | തെരുവ് നായ ശല്യം അമർച്ച ചെയ്യുവാൻ മൃഗസംരക്ഷണ വകുപ്പ് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | തെരുവ് നായ നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപ്പെടുന്ന വിഷയമാണ്. ഇതിനായി വിവിധ ജില്ലാ പഞ്ചായത്തുകൾ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ കർമ്മപദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ തെരഞ്ഞെടുത്ത 51 മൃഗാശുപത്രികളിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായ ശസ്ത്രക്രിയ ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| ബി) | സർക്കാർ സംവിധാനങ്ങളെ മാത്രം ആശ്രയിക്കാതെ സന്നദ്ധ സംഘടനകളുടെ സേവനം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | ബി)യും സി)യും | ഉണ്ട്. തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാമും, പേവിഷബാധ പ്രതിരോധ കുത്തിവെയ്പും തെരുവുനായ്ക്കളിൽ നടത്തുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 2/9/2014 ലെ സ.ഉ (സാധാ) നം.2306/14/തസ്വഭവ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം മുനിസിപ്പൽ കോർപറേഷനുകളും ഒന്നാം ഗ്രേഡ് നഗരസഭകളും എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിൽ പ്രാവീണ്യമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും താല്പര്യപത്രം കാണിച്ച് സ്വന്തം നിലയ്ക്ക് പദ്ധതികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകുകയും മൈനർ മുനിസിപ്പാലിറ്റികൾ സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ക്ലസ്റ്റർ |
| സി) | ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പദ്ധതി ഏറ്റെടുക്കുന്നതിനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെ സഹകരണത്തോടെ തിരുവനന്തപുരം നഗരസഭയിൽ ടി പദ്ധതി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. ആറ്റിങ്ങൽ നഗരസഭയിലും സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെ സഹകരണത്തോടെ ടി പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ മറ്റു പല നഗരസഭകളിലും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്തുകളിൽ നാല് മൃഗക്ഷേമ സംഘടനകൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. സന്നദ്ധരായ മൃഗക്ഷേമ സംഘടനകളുടെ സേവനം തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനും അവയുടെ തുടർന്നുള്ള പരിപാലനത്തിനും ഉപയോഗപ്പെടുത്താവുന്നതാണെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

[redacted]

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തിവയ്പ് നൽകുന്ന പദ്ധതി - മാർഗ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2306/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 2.9.2014.

പരാമർശം:

1. സംസ്ഥാന അറ്റോർണിയുടെ 8.7.2014 ലെ WP(C) No.14210/14 നമ്പർ ഫാക്സ് സന്ദേശം.
2. സ്പെഷ്യൽ ഗവ. പ്ലീഡർ ശ്രീമതി. ഗിരിജാ ഗോപാലിന്റെ 24.7.2014 ലെ WP(C) No.19005/14 /F4 നമ്പർ ഫാക്സ് സന്ദേശം.

**ഉത്തരവ്**

സംസ്ഥാനത്ത് തെരുവ്നായ ശല്യം വളരെ രൂക്ഷമായി മാറിക്കൊണ്ടിരിക്കുന്നു എന്നും ആയതിന് പരിഹാരം ഉണ്ടാകണമെന്നും ആവശ്യപ്പെട്ട് ചിലർ കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത വിഷയം സർക്കാർ വളരെ ഗൗരവത്തോടെ കാണുകയും തുടർന്ന് സർക്കാർ തലത്തിലും, അഡ്വക്കേറ്റ് ജനറലിന്റെ ചേംബറിലും വച്ച് ചർച്ച നടത്തുകയുമുണ്ടായി. വർദ്ധിച്ചു വരുന്ന തെരുവ്നായ ശല്യം നിയന്ത്രിക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമും പേവിഷബാധ പ്രതിരോധ കുത്തിവയ്പും തെരുവുനായക്കളിൽ നടത്തുന്നതിന് തീരുമാനിച്ചു. ഇതിനായി താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾ തെരുവുനായ്ക്കളിൽ വന്ധ്യംകരണവും, പേവിഷ പ്രതിരോധകുത്തിവയ്പും നടത്തുന്നതു സംബന്ധിച്ച് സന്നദ്ധ സംഘടനകൾ പ്രധാന വ്യക്തികൾ എന്നിവരെ പങ്കെടുപ്പിച്ച് 5.9.2014 ന് മുമ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളും സമാനമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

2. എ.ബി.സി. പ്രോഗ്രാം നടത്തുന്നതിൽ പ്രാവീണ്യമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും Expression of Interest ക്ഷണിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേന്ദ്ര മൃഗസംരക്ഷണ ബോർഡിന്റെ അംഗീകാരമുള്ള Humane Society Inernational India എന്ന സ്ഥാപനവുമായി ആവശ്യമെങ്കിൽ കൂടിയാലോചന നടത്തേണ്ടതാണ്.

4. തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണവും, പേവിഷ പ്രതിരോധ കുത്തിവയ്പും നടത്തി തിരികെ വിടുന്നതിന് മതിയായ തുക പഞ്ചായത്തുകൾ ഉൾപ്പടെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിൽ നിന്നോ, തനതു ഫണ്ടിൽ നിന്നോ വകയിരുത്തേണ്ടതാണ്/ കണ്ടെത്തേണ്ടതാണ്. അതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

5 എ.ബി.സി. പ്രോഗ്രാം നടത്തുന്നതിനായി കേന്ദ്ര മൃഗസംരക്ഷണ ബോർഡിൽ നിന്നുള്ള ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

6. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ 10 പഞ്ചായത്തുകൾ വീതമുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് ബ്ലോക്ക് പഞ്ചായത്തിലുള്ള മൃഗഡോക്ടറുടെ സേവനം പ്രയോജനപ്പെടുത്തി എ.ബി.സി. പ്രോഗ്രാം നടത്തുന്നതിനും, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് നഗരസഭകളെ ഈ ക്ലസ്റ്ററുകളുടെ ഭാഗമാക്കുന്നതിനും സർക്കാർ ഉത്തരവാകുന്നു. ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നൽകേണ്ടതാണ്.)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകേണ്ടതാണ്.)
മേയർ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷൻ
സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

... no. DC1-16071/14 Dt: 22/9/14

അറിവിലേക്കും ആവശ്യനടപടികൾക്കുമായി എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ... അയയ്ക്കുന്നു.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

.../9/14

സെക്ഷൻ ഓഫീസർ.